بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
***27 November 2020 / 11 Rabi'ul Aakhir 1442 AH***

## *Duahs (Invocations)* (Pt. 21) ദുആകൾ (ഭാഗം-21)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഇരുപത്തി ഒന്നാമത്തെ പ്രസംഗം ആരംഭിക്കുകയുണ്ടായി. അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവ എനിക്ക് വെളിപാടുകളായി നല്കിയ ദുആകൾ ആണ്, അത് ഇന്നത്തെ ഖുത്തുബയിലും തുടരുകയാണ്. അവന്റെ സന്നിധിയിൽ നമുക്ക് കൂടുതൽ നല്ല ഇടം ലഭിക്കുവാനുള്ള നല്ല ജീവിതം അവൻ നമുക്ക് നല്കി അനുഗ്രഹിക്കട്ടെ. അവനിലേക്കുള്ള വഴി അവൻ നമുക്ക് തുറന്നു നല്കട്ടെ, അവനെ സമീപിക്കുവാനുള്ള വഴികളും, തുറന്നു തരട്ടെ! ആമീൻ! സുമ്മ ആമീൻ!

ദുആകൾ സംബന്ധമായ എന്റെ ഖുത്തുബ പരമ്പരയുടെ അവസാനത്തേതാണിത്. ഇത് ഇരുപത്തി ഒന്നാമത്തെ ഖുത്തുബയാണ്. മാന്യതയും മഹത്വവും ഉടയവനായവന്റെ അതിമഹത്തായ അനുഗ്രഹ വർഷമാണിത്. ദുആകൾ എന്ന വിഷയം വളരെ വിപുലമായതു തന്നെയാണ്. അതുകൊണ്ടു തന്നെ ഈ വിഷയം നമുക്ക് പറഞ്ഞവസാനിപ്പിക്കാവുന്നതുമല്ല. അല്ലാഹു(ത) അവന്റെ പ്രവാചകന്മാരിലൂടെയും, മിസിഹാമാരിലൂടെയും നല്കിയ ദുആകൾ, എനിക്ക് ഏതാനും ഖുത്തുബകളിലൂടെ നിങ്ങളിൽ മുഴുവനായി എത്തിക്കുവാനും അസാധ്യമായ കാര്യമാണ്.

എന്റെ നാഥാ! നിന്റെ ദീനിൽ എന്നെ സഹായിക്കുവാൻ എനിക്ക് സഹായികളെ നല്കിയാലും! എന്റെ ബുദ്ധിമുട്ടുകളെ നീ എന്നിൽ നിന്നും എടുത്തു മാറ്റേണമെ! എന്റെ പ്രവർത്തനങ്ങളിൽ എനിക്ക് നീ വിജയം പ്രദാനം ചെയ്യേണമെ! സഹായിക്കുവാൻ നീയല്ലാതെ മറ്റൊരുവനുമില്ല നാഥാ!

സർവ്വശക്തനായ അല്ലാഹുവിന്റെ അനുവാദവും അനുഗ്രഹവുമില്ലാതെ ഒരു കാര്യവും എനിക്കു നേടുവാൻ കഴിയുന്ന അവസ്ഥയിലല്ല ഞാൻ. എന്റെ രക്ഷിതാവേ! സത്യം മാത്രം പറയുവാൻ നീ എന്നെ സഹായിച്ചാലും! ഞങ്ങൾക്കായി നീ സത്യം വെളിപ്പെടുത്തിതന്നാലും! നന്മയിലൂടെ നീ ഞങ്ങളെ വഴി നടത്തിയാലും!

അല്ലാഹുവിന്റെ നാമത്തോടൊപ്പം, ആകാശങ്ങളിലോ ഭൂമിയിലോ ഉള്ള ഒന്നിനും തന്നെ, മറ്റാർക്കും ഒരു പ്രയാസവും, ബുദ്ധിമുട്ടും സൃഷ്ടിക്കുവാൻ സാധിക്കുകയില്ല. അവൻ എല്ലാം നല്ലവണ്ണം കേൾക്കുന്നവനാണ്. അവനെല്ലാം നല്ലവണ്ണം അറിയുന്നവനുമാണ്. എന്റെ രക്ഷിതാവേ! കുഴപ്പമുണ്ടാക്കുന്നവരിൽ നിന്നും നീ എന്നെ രക്ഷിച്ചു സഹായിക്കേണമെ!

അസൂയാലുവായവന്റെയും ശത്രുവായവന്റെയും പരിഹാസത്തിന് നീ എന്നെ

വിട്ടുകൊടുക്കരുതേ.

എന്റെ രക്ഷിതാവേ! എല്ലാ വസ്തുക്കളും നിന്റെ സേവകരാണ്. എന്റെ നാഥാ നീ ഞങ്ങളെ സംരക്ഷിച്ചാലും! ഞങ്ങളെ നീ വഴികാണിച്ചാലും! ഞങ്ങളോട് നീ ദയ കാണിച്ചാലും!

നീ, എന്നെന്നും ജീവിച്ചിരിക്കുന്നവനാണ്, നീ സ്വയം നിലനില്ക്കുന്നവനാണ്. മറ്റെല്ലാത്തിനെയും നിലനിർത്തുന്നവനുമാണ്. നിന്റെ അനുഗ്രഹത്തിൽ നിന്നുള്ള സഹായത്തിനായി നിന്നോട് യാചിക്കുന്നു. തീർച്ചയായും നീ എന്റെ രക്ഷിതാവാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ് നീ ഒരുവൻ മാത്രമാണ്.

യാ അല്ലാഹ്! നീയാണ് ഗ്രന്ഥം ഇറക്കിയത്. മേഘങ്ങളെ സഞ്ചരിപ്പിക്കുന്നത് നീയാണ്. സൈന്യത്തെ ചിന്നഭിന്നമാക്കുന്നവനും നീയാണ്. അവരെ നീ ചിറതി ഓടിക്കൂ! (ശത്രുക്കളെ) അവർക്കെതിരിൽ നീ ഞങ്ങളെ സഹായിച്ചാലും!

പ്രയാസങ്ങളിൽ നിന്നുള്ള രക്ഷയ്ക്കായി ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു. തിന്മയിൽ നിന്നും രക്ഷയ്ക്കായി നിന്റെ കാവൽ തേടുന്നു. തെറ്റായ തീരുമാനങ്ങളിൽ നിന്നും ഞാൻ നിന്നിൽ കാവൽ തേടുന്നു. ശത്രുക്കളുടെ സന്തോഷാഹ്ളാദങ്ങളിൽ നിന്നും ഞാൻ നിന്നിൽ അഭയം പ്രാപിക്കുന്നു.

നിന്റെ മതത്തിനായി എനിക്ക് അല്ലാഹു മതിയായവനാണ്. എന്നെ ശിക്ഷിക്കുന്നവർക്കെതിരായി എനിക്ക് അല്ലാഹു മതിയായവനാണ്, എന്നെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്നവരെ നേരിടാൻ എനിക്ക് അല്ലാഹു മതിയായവനാണ്, എന്നോട് ശത്രുതവെച്ചു പുലർത്തുന്നവരെ നേരിടാൻ എനിക്ക് അല്ലാഹു മതിയായവനാകുന്നു. എനിക്കെതിരായി പടനയിക്കുന്നവനെ നേരിടാൻ എനിക്ക് അല്ലാഹു മതിയായവനാണ്.

യാ അല്ലാഹ്! നീയാണ് എന്റെ ആയുധം! എന്നെ പിന്താങ്ങുന്നതും എന്റെ സഹായവും നീയാണ്. നിന്റെ സഹായത്താലാണ് ഞാൻ യഥേഷ്ടം സഞ്ചരിക്കുന്നത്. നിന്റെ സഹായത്താലാണ് ഞാൻ ആക്രമിക്കുന്നത്, ഞാൻ ശത്രുവിനെ നേരിടുന്നത് നിന്റെ സഹായത്താൽ തന്നെ.

നീ കപ്പലിൽ കയറുമ്പോൾ നീയും നിന്നോടൊപ്പമുള്ളവരും പറയട്ടെ! അല്ലാഹുവിനു മാത്രമാണ് സർവ്വസ്തുതിയും! തെറ്റു ചെയ്യുന്ന ആളുകളിൽ നിന്നും നമ്മെ രക്ഷപ്പെടുത്തിയ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. വീണ്ടും പ്രാർത്ഥിക്കുക. അല്ലാഹുവേ! നീ എന്നെ നിന്റെ അനുഗ്രഹത്താൽ ഇതിൽ നിന്നും ഇറക്കേണമെ! കപ്പലിൽ നിന്ന് ഇറക്കുന്നവരിൽ ഏറ്റവും നല്ല നിലയിൽ ഇറക്കുന്നവൻ നീ തന്നെയല്ലോ!

അല്ലാഹുവല്ലാതെ മറ്റൊരു ദൈവവുമില്ല. അവൻ അങ്ങേഅറ്റം ക്ഷമയുള്ളവനും ദയാലുമാകുന്നു. അവൻ യാതൊരുവിധ ന്യൂനതയുമില്ലാത്തവനും സിംഹാസന ഉടയവനുമാകുന്നു. ആയതിനാൽ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും സർവ്വലോകങ്ങളെയും കാത്തുരക്ഷിക്കുന്നവനായവൻ! ഞാൻ സർവ്വാത്മനാ പാപമോചനത്തിനായി, അനുകമ്പയ്ക്കായി നിന്നോട് യാചിക്കുന്നു. പാപത്തിൽ നിന്നുള്ള മോചനത്തിനായി നിന്നോടു തേടുന്നു. പുർണ്ണതോതിൽ നന്മയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കായി നിന്നോട് യാചിക്കുന്നു.

എല്ലാവിധ തെറ്റുകളിൽ നിന്നുമുള്ള സമ്പൂർണ്ണമോചനത്തിനായി! മാപ്പാക്കാത്ത ഒരു തെറ്റും നീ എന്നിൽ അവശേഷിപ്പിക്കരുതേ! ആശ്വാസമരുളാത്ത ഒരു വേദനയും വിഷമവും നീ എന്നിൽ ബാക്കി നിർത്തരുതേ! ഒരാവശ്യവും പൂർത്തിയാകാതെ അവശേഷിപ്പിക്കരുതേ! കരുണാവാരിധികളിൽ ഏറ്റവും വലിയ കരുണാനിധി ആയവനെ!

യാ അല്ലാഹ്! എന്റെ പാപങ്ങളെക്കാൾ വളരെ വിശാലമായതാണ് നിന്റെ മാപ്പ്! അഥവാ പൊറുത്തുകൊടുക്കൽ. എന്റെ നല്ല പ്രവർത്തനങ്ങളെക്കാൾ എത്രയോ വിശാലമായതാണ് നിന്റെ മാപ്പ് സംബന്ധമായ വാഗ്ദാനം!

യാ അല്ലാഹ്! നിന്റെ ദാസനും ദൂതനുമായ മുഹമ്മദ് മുസ്തഫ(സ)യുടെ മേലും സത്യവിശ്വാസികളും സത്യവിശ്വാസിനികളുമായവരുടെ മേലും, മുസ്ലിം സ്ത്രീപുരുഷന്മാരുടെ മേലും നിന്റെ അനുഗ്രഹങ്ങൾ ചൊരിയേണമെ!

ഒരു രാജ്യത്തെ ഒരു ജമാഅത്ത് പ്രശ്നം പരിഹരിക്കുവാൻ, അവിടെ നാം ഒരു ജമാഅത്ത് സ്ഥാപിക്കുകയുണ്ടായി. (ഒരു ദരിദ്രരാജ്യത്ത്) അവിടെ ഒരാളുമായി ഞാൻ ഒരു കടത്തിലകപ്പെടുകയുണ്ടായി. അദ്ദേഹത്തിൽ നിന്നും ഞാനൊരു വലിയ തുക എടുക്കുകയുണ്ടായി. അഞ്ച് മാസത്തിനകം അത് തിരികെ കൊടുക്കാമെന്ന് ഒരു കരാറിലേർപ്പെടുകയും ചെയ്തു. അങ്ങനെ രൂപാ തിരികെ കൊടുക്കുവാനുള്ള ദിവസമായപ്പോൾ, എനിക്കത് കൊടുക്കുവാൻ കഴിഞ്ഞില്ല. കാരണം ഞാൻ സാമ്പത്തികഞെരുക്കത്തിലായിരുന്നു. ഞാനീ വിവരം ഞാൻ കരാറിലേർപ്പെട്ട മാന്യവ്യക്തിയോടു പറയുകയും അങ്ങനെ അദ്ദേഹം അത് തിരികെ കൊടുക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയും ചെയ്തു. പ്രസ്തുത കടം തീർക്കുന്നതിന് 3 മാസ സമയം കൂടി അദ്ദേഹം നീട്ടിത്തരുകയുണ്ടായി. ഞാൻ അദ്ദേഹത്തോട് പറയുകയുണ്ടായി, ഇൻശാ അല്ലാഹ് ഞാൻ എല്ലാ തുകയും മടക്കിതരുന്നതാണ്.!

അങ്ങനെ, ഞാൻ എന്റെ റബ്ബിന്റെ നേരെ പ്രാർത്ഥനയ്ക്കായി തിരിഞ്ഞു. എന്റെ കടം കൊടുത്തുതീർക്കുവാനുള്ള ഒരുവഴി എനിക്ക് തുറന്നുതരുവാനായി യാചിക്കുകയുണ്ടായി. ഒരു ദിവസം, 2019 ഒക്ടോബർ മാസത്തിൽ (തിങ്കളാഴ്ച ദിവസം തഹ്ജ്ജുദ് നമസ്ക്കാരത്തിനും ഫജ്ർ നമസ്ക്കാരത്തിനും ശേഷം ഞാൻ നിദ്രയിലാണ്ടു. വെള്ളവസ്ത്രധാരിയായ ഒരാൾ നീണ്ടതാടിയുമായി (വളരെ സുന്ദരനായ ഒരാൾ) അദ്ദേഹത്തിന്റെ കയ്യ് എന്റ തലയിൽ വെച്ച്, ആ സമയം, ഞാൻ നല്ല സുഗന്ധം അനുഭവിച്ചറിയുന്നുണ്ടായിരുന്നു. അദ്ദേഹം എന്നോട് പറയുകയുണ്ടായി, അദ്ദേഹത്തോടൊപ്പം ഈ ദുആ ചെയ്യുവാൻ!

യാ അല്ലാഹ്! എനിക്ക് നീ ഹലാലായ നിത്യജീവിത സാധനങ്ങൾ നല്കിയാലും! എന്റെ ആവശ്യത്തിന് മതിയാകുന്ന നിലയിൽ! മോശമായ നിലയിൽ ലഭിക്കുന്നതാകരുതേ! നിന്നോടൊപ്പം ചേർത്ത് മറ്റൊരാളോടും എന്റെ ആവശ്യം പറയത്തക്ക നിലയിലുള്ള ആവശ്യങ്ങൾ നല്കരുതെ! യാ അല്ലാഹ്! ദുഃഖവും പ്രയാസവും നീക്കം ചെയ്യുന്നവനെ! കഴിവില്ലാത്തവരുടെ പ്രാർതഥനകൾക്ക് സഹായഹസ്തം നീട്ടുന്നവനെ! ഈ ലോകത്തും പരലോകത്തും അനുകമ്പ നല്കുന്നവനെ! അനുഗ്രഹം ചൊരിയുന്നവനെ! നീ മാത്രമാണ് എന്നോട് യഥാർത്ഥ നിലയിൽ അനുകമ്പ കാണിക്കുന്നവൻ! മറ്റൊരാളോടും ആവശ്യം പറയാത്ത നിലയിൽ,

നീ എനിക്കൊരു വഴി തുറന്നു തരേണമെ! മറ്റുള്ളവരുടെ ദയയ്ക്കായി നീ എന്നെ കാത്തുനിർത്തരുതേ!

പ്രസ്തുത വ്യക്തി (മാലാഖ) താഴെ കാണുന്ന പ്രാർത്ഥനയും ചൊല്ലിക്കുകയുണ്ടായി.

യാ അല്ലാഹ്! അധികാരങ്ങളുടെ എല്ലാം രാജാവേ! നീ ഇഷ്ടപ്പെടുന്നവർക്ക് അധികാരം നല്കുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്നും അവരുടെ അധികാരം നീക്കം ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ ഉയർത്തുന്നു. നീ ഉദ്ദേശിക്കുന്നവരെ നിന്ദ്യരാക്കുന്നു. എല്ലാ അധികാരങ്ങളും നിന്റെ കരങ്ങളിലാകുന്നു. എല്ലാ കാര്യങ്ങളുടെയും അധികാരം നിന്നിലാണുള്ളത്. ഈ ലോകത്തും പരലോകത്തും അനുകമ്പ നല്കുന്നവൻ നീ മാത്രമാണ്. നീ ഉദ്ദേശിക്കുന്നവർക്ക് നീ അധികാരവും ബഹുമതിയും നല്കുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്നും ഇവ രണ്ടും നീ നീക്കം ചെയ്യുകയും ചെയ്യുന്നു. മറ്റുള്ളവരുടെ ദയയ്ക്കായി നില്ക്കാത്ത ഒരു വഴിയിലൂടെ നീ എന്നെ നയിച്ചാലും, അനുഗ്രഹിച്ചാലും നാഥാ!

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! അല്ലാഹു(ത)യുടെ അതിമഹത്തായ അനുഗ്രഹത്താൽ ഫജ്ർ നമസ്ക്കാര ശേഷവും ഇശാനമസ്ക്കാര ശേഷവും പതിവായി ഈ ദുആ ഞാൻ ചൊല്ലാറുണ്ട്. ഒരു മാസത്തിനകം എന്റെ കടം കൊടുത്തു തീർക്കുവാനുള്ള വഴികൾ എനിക്ക് തുറന്നു തരികയുണ്ടായി. മൂന്നു മാസത്തിനുള്ളിൽ തന്നെ കൊടുത്തു തീർക്കുവാനുള്ള മുഴുവൻ തുകയും കൊടുത്തുതീർക്കുവാൻ സാധിച്ചു. അല്ലാഹുവിനാണ് സർവ്വസ്തുതിയും! മുഴുവൻ നന്ദിയും ഞാൻ നിനക്കായി നല്കുന്നു. മുഴുലോകങ്ങളുടെയും രക്ഷിതാവായവനേ!

2008ൽ ഞാനും എന്റെ കുടുംബവും മക്കയിൽ പോയി. ഉംറ നിർവ്വഹിക്കുവാനായി (അഞ്ച് ദിവസങ്ങൾ) പോവുകയുണ്ടായി. അതിനുശേഷം ഞങ്ങൾ മദീനയിലും പോയി. മദീനയിലേക്ക് പോകുവാൻ തയ്യാറെടുക്കുന്നതിന് മുൻപായി, കഅ്ബ ശരീഫിന് വളരെ അരികെ ചെന്നിരുന്നു. അധികമധികമായി ദുആ ചെയ്തുകൊണ്ടിരുന്നു. ഇപ്രകാരം ഞാൻ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്ന് അതിമനോഹരമായ ഒരു ശബ്ദത്തിൽ ഒരു ദുആ എന്റെ ചെവിയിൽ ഓതിതരികയുണ്ടായി. യാ അല്ലാഹ്! നിന്റെ മാർഗത്തിൽ എനിക്ക് രക്തസാക്ഷിത്വം നല്കിയാലും! നിന്റെ പ്രവാചകന്റെ (സ) നഗരത്തിൽ മരണമടയുവാനുള്ള കാരണമാക്കിത്തന്നാലും!

ദുആകൾ എന്ന വിഷയത്തെ സംബന്ധിച്ചുള്ള ഈ പരമ്പരയിലെ അവസാനത്തെ ഖുത്തുബ അവസാനിപ്പിക്കുന്നതിനു മുൻപായി ഒരു കാര്യം ഞാൻ പറയുവാൻ ആഗ്രഹിക്കുയാണ്. അതായത് ചഞ്ചലപ്രകൃതിയായ മനസ്സിൽ നിന്നും മാനവകുലത്തിന് രക്ഷ പ്രാപിക്കുവാൻ അല്ലാഹു(ത) മാനവകുലത്തിന് നല്കിയിരിക്കുന്ന രക്ഷാകവചമാണ് പ്രാർത്ഥന! പ്രാർത്ഥന കൂടാതെ അവന്റെ കഴിവുകൾ പൂർണ്ണതോതിൽ പൂർത്തിയാക്കുവാൻ അവന് കഴിയുകയില്ല. ദൈവീക അനുഗ്രഹങ്ങളെ അവന് ആകർഷിച്ചുകൊണ്ടു വരുവാനും കഴിയുകയില്ല. നമ്മുടെ ജീവിത നിലനില്പിന്റെ രഹസ്യം, പ്രാർത്ഥനയിലൂടെയാണ്. നല്ല പ്രവർത്തനങ്ങളിലൂടെയാണ്, ദൈവഭയത്തിലൂടെയാണ്, എന്നെ നിയോഗിച്ചിരിക്കുന്നത് ഇസ്ലാം മാത്രമാണ് ജീവനുള്ള മതം എന്ന് തെളിയിക്കുന്നതിനു വേണ്ടിയാണ്. ദുആ എന്നത്

പ്രാർത്ഥനയാണ്. പ്രാർത്ഥനയില്ലാതെ ദുആ സ്വീകാര്യതയുണ്ടാവുകയില്ല. ദാന ധർമ്മങ്ങളും, പ്രാർത്ഥനയും, മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങളും, ദൗർഭാഗ്യങ്ങളെ തടയുന്ന പരിചകളാകുന്നു. അതുകൊണ്ടാണ് ദൈവം പ്രാർത്ഥനയ്ക്ക് പരിധി നിശ്ചയിട്ടില്ലാത്തത്. ഇസ്ലാമും പരിശുദ്ധ പ്രവാചകൻ(സ)യും നമ്മോട് ഉപദേശിച്ചിരിക്കുന്നു, അതായത് ഏറ്റവും നിസ്സാരം കാര്യമാകട്ടെ അല്ലെങ്കിൽ ഏറ്റവും വലിയ കാര്യമാകട്ടെ, അതു സാധിക്കുന്നതിനായി നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുക, ഇവയൊന്നും തന്നെ അല്ലാഹു(ത)യുടെ അനുഗ്രഹമില്ലാതെ നമുക്ക് ലഭിക്കുകയില്ല. നിങ്ങൾ ക്ഷമ കൈക്കൊള്ളുവാൻ ഞാൻ ഉപദേശിക്കുന്നു. ഏറ്റവും വലിയ ശക്തി ക്ഷമയാണ് എന്ന് തിരിച്ചറിയുക. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് എപ്പോഴും ആവശ്യമായിട്ടുള്ളതും അതുതന്നെയാണ്, ഇത് സ്ഥാപിച്ചത് സർവ്വശക്തനായ അല്ലാഹുവാണ്. ഈ ശക്തിയെ നേരിടാൻ മറ്റൊരു ശക്തിക്കും സാധിക്കുകയില്ല എന്ന് തിരിച്ചറിയുക. ക്ഷമ നിങ്ങളെ പ്രാർത്ഥനയിലേക്ക് നയിക്കുന്നു. ദുആയും ക്ഷമയും ദൈവീക ജമാഅത്തായ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ ശക്തിപ്പെടുത്തുന്നു. ആത്മീയതയുടെ ഉന്നതശ്രേണികളിലേക്ക് അത് കടന്നുപോകുന്നു.

എല്ലാ സ്തുതികളും അല്ലാഹുവിന് മാത്രമാകുന്നു. അവന്റെ മഹത്വവും മാന്യതയും കൊണ്ട്, നന്മനിറഞ്ഞ പ്രവർത്തനങ്ങളഖിലവും പൂർത്തിയാകുന്നതാണ്.

ഈ സമയം, ഈ വിഷയം ഞാൻ അവസാനിപ്പിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുവാനുള്ള അവസരം നല്കിയ അല്ലാഹുവിന് മാത്രമാകുന്നു സർവ്വസ്തുതിയും! അവന്റെ സഹായവും അനുകമ്പയുമില്ലാതെ എനിക്കീ കാര്യം ഒരിക്കലും നിർവ്വഹിക്കുവാൻ കഴിയുമായിരുന്നില്ല. ഈ നൂറ്റാണ്ടിലേക്ക്, ഈ നൂറ്റാണ്ടിലേക്കുള്ള ദൈവീകദൃഷ്ടാന്തമായി നല്കിയ ഏതാനും ദുആകൾ മാത്രമാണ് ഇത് എന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു. വെളിപാടുകളിലൂടെ ലഭ്യമായ അനേകം ദുആകൾ ഇനിയുമുണ്ട്, ഖുർആനിലെ ദുആകളുണ്ട്, മുഹമ്മദ് (സ)യുടെ സുന്നത്തിൽപെട്ട ദുആകളുണ്ട്, മസീഹ് മൗഊദ് (അ)യുടെ ദുആകളുണ്ട്! ഇൻശാ അല്ലാഹ്! സമയമാകുമ്പോൾ അല്ലാഹു(ത) ദുആകളുടെ മറ്റൊരു പരമ്പര തുടങ്ങുവാനുള്ള തൗഫീഖ് നല്കുമെന്ന് കരുതുന്നു. ഇൻശാ അല്ലാഹ്!

മാനവകുലത്തിനെ പൊതുവിലും എന്റെ അനുചരന്മാരെയും എല്ലാ മുസ്ലിം സഹോദരി സഹോദരന്മാരെയും പ്രത്യേകിച്ചും അല്ലാഹു(ത) അനുഗ്രഹിക്കട്ടെ! നമ്മെ എല്ലാവരേയും അല്ലാഹു(ത) എല്ലാവിധ പ്രയാസങ്ങളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും കാത്തുരക്ഷിക്കട്ടെ! ജീവിതം നമുക്ക് നന്മയിലായിരിക്കുവോളം നമ്മെ അവൻ ജീവിപ്പിക്കട്ടെ, മരണം നമുക്ക് നന്മയിലായിരിക്കുമ്പോൾ അവൻ നമുക്ക് മരണം പ്രദാനം ചെയ്യട്ടെ! അവൻ നമ്മെപറ്റി പരിപൂർണ്ണമായും സംതൃപ്തിയിലായിരിക്കുമ്പോൾ അതുസംഭവിക്കട്ടെ! ഇൻശാ അല്ലാഹ്! ആമീൻ.

***Translated & Issued by : Mukarram R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India, E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***